**Week -1**

# Monthly Thoughts Of March -2015







## Guard Against Greed.

### ജീവന്റെആധാരം സമ്പത്തോ ?

(ലൂക്കോ:12:15)

വർഷങ്ങൾക്കു മുമ്പ് മിസ്സിസിപ്പി നദിയിൽഒരുയാത്രക്കപ്പൽ മുങ്ങിപ്പോയി. കാലിഫോർണിയയിൽ നിന്നുമുള്ള കപ്പൽ തൊഴിലാളികളായിരുന്നുയാത്രക്കാരിൽഏറിയ പങ്കും. രക്ഷാബോട്ടുകൾവിരളമായിരുന്നതിനാൽ നീന്തൽഅറിയാവുന്നവർ നീന്തികരപറ്റി. എല്ലാവരും പോയികഴിഞ്ഞപ്പോൾഒരാൾ മാത്രം കപ്പൽ തട്ടിൽ നിന്നും നദിയിലേക്ക്ചാടി നീന്തിരക്ഷപെടാൻ ശ്രമിച്ചു. രക്ഷപെടാൻ കഴിയാതെഅയാൾ പാറക്കല്ലു പോലെമുങ്ങിത്താണുപോയി. സകലതുംഉപേക്ഷിച്ച്മറ്റുള്ളവർ രക്ഷപെട്ടപ്പോൾ ഖനിതൊഴിലാളികൾ ഉപേക്ഷിച്ച സ്വർണ്ണക്കട്ടികൾ തുണിയിൽ പൊതിഞ്ഞ് അരയിൽകെട്ടിയാണ്ഇയാൾവെള്ളത്തിൽചാടിയത്. ആ സമ്പാദ്യത്തിന്റെ ഭാരമാണ് മരണകാരണമായത്.

വേദപുസ്തകംശക്തമായിഎതിർക്കുന്ന പാപമാണ് ദ്രവ്യാഗ്രഹം. ധനസാമ്പദനത്തിൽ മനുഷ്യർകാണിക്കുന്ന അത്യാർത്തിയുടെയുംവഞ്ച

നയുടെയുംകൈക്കൂലിയുടെയും കഥകൾ നമ്മെ ഭയത്തിലേക്ക്തള്ളിയി ടുന്നു. എന്തുംവിറ്റ്പണംഉണ്ടാക്കുന്ന കമ്പോളമാണ് ഇന്ന് പലരു ടെയുംഉറക്കംകെടുത്തുന്നത്. അത്യാഗ്രഹി ധനത്തിന്റെ പിന്നാലെഓടുന്നുഇവർഒരിക്കലുംതൃപ്തിവരാത്ത നായ്ക്കളെപ്പോലെയാണ് (യെശ 56:11)

## അത്യാഗ്രഹത്തിന്റെസ്വഭാവികഫലങ്ങൾ

1)**കള്ളം പറയുന്നു.**-[2 രാജ:(5: 22)]

പ്രവാചകനായഎലീശ"യഹോവയാണ ഞാൻ ഒന്നുംകൈക്കൊള്ളു കയില്ല"എന്ന് പറഞ്ഞ്തള്ളിക്കളഞ്ഞ സമ്മാനംമോഹിച്ച്, എലീശയുടെ ബാല്യ ക്കാരൻ കള്ളം പറയുന്നു. read- സദൃ: 21:6

2)**മോഷണം നടത്തുന്നു**- (യോശുവ 7:20,21)

യിസ്യായേൽ പാളയത്തിന് ശാപവും അനർത്ഥവുംവരുത്താതിരി ക്കേണ്ടതിന് ശാപഗ്രസ്തമായവസ്തുക്കൾ തൊടരുതെന്നും, വെള്ളി, പൊന്ന്, ചെമ്പ്,ഇരുമ്പ് ഇവയഹോവയുടെ ഭണ്ഡാരത്തിലെത്തിക്കണ മെന്നുംയഹോവ നിർദ്ദേശിച്ചിരുന്നത് മറന്ന ആഖാൻ കൊള്ള നടത്തി . കൊള്ളയുടെകൂട്ടത്തിൽ ബാബിലോന്യ മേലങ്കിയും , ഇരു നൂറ്ശേക്കൽവെള്ളിയും , അമ്പത് ശേക്കൽതൂക്കമുള്ളഒരു പൊൻക ട്ടിയും കണ്ടു, മോഹിച്ചു, എടുത്തു ഈ മോഷണവസ്തുക്കൾ കൂടാര ത്തിന്റെ നിലത്ത്കുഴിച്ചിട്ടു.

(3) **ന്യായരഹിതമായ ഇടപാട്** - (2 രാജ:2: 23,24)

യജമാനൻ വാങ്ങാതെവിട്ടുകളഞ്ഞ ധനത്തിനെ മോഹിച്ച ഗേഹസി നയമാനോട്അല്പമെങ്കിലുംവാങ്ങുമെന്ന് പറഞ്ഞ്

പിന്നാലെഓടുന്നു. ഈ ഇടപാട് അവൻ നടത്തുമ്പോൾ എലീശ യുടെശുശ്രൂഷയാണ് അവൻ വിറ്റതെന്ന് അവൻ മറന്നു.

## ദ്രവ്യാഗ്രഹത്തിന്റെദോഷഫലങ്ങൾ

1. ഭവനത്തിൽ പ്രയാസംഉണ്ടാകുന്നു. -സദൃ (15:27)
2. നിരാശയുണ്ടാകുന്നു - സഭാ:(5:10)
3. വിശ്വാസം നഷ്ടമാകുന്നു. - 1 തിമൊ:(6:10)
4. അരിഷ്ടതഉണ്ടാകുന്നു. - യാക്കോ:(5:3)

ധനം അതിൽതന്നെ തിന്മയല്ല.അതിനോടുള്ള മനോഭാവമാണ് പാപം. വള്ളം മുൻപോട്ടു പോകുവാൻ വെള്ളംആവശ്യമാണെങ്കിലും , വെള്ളംവള്ളത്തിൽകയറിയാൽവള്ളംമുങ്ങും . ഇതുപോലെ ധനം നമ്മെ നശിപ്പിക്കുന്നതാകാതെമിതത്വം പാലിച്ച്കാര്യവിചാരത്തോ ടെകൈകാര്യംചെയ്യുക. ധനം നമ്മെ ഉപയോഗിച്ച്തുടങ്ങുമ്പോൾ അത്‌വലിയതിന്മയാകും . ദൈവം കനിഞ്ഞ് അനുഗ്രഹിച്ചുതരുന്ന സമ്പത്ത് സന്തുഷ്ടിദായകമാണ്.

## പ്രാർത്ഥന

യഹോവേ ! അങ്ങയുടെഹിതമനുസരിച്ച് ന്യായമായവഴി യിൽഞങ്ങളെ നടത്തുന്നതിനായിസ്തോത്രം. അത്യാഗ്രഹിയുടെവഴി വിട്ട് പരിജ്ഞാനമുള്ളവന്റെവഴിതിരിച്ചറിഞ്ഞ്യാത്ര ചെയ്യുവാൻ സഹാ യിക്കേണമേ. അങ്ങ്ഞങ്ങളെവഴി നടത്തികൂടെവസിക്കുന്നതി നായിസ്തോത്രം. യേശുവിൻ നാമത്തിൽതന്നെ -

ആമേൻ.

*Santhamma Varghese*